# GOVT HS

# KANJIRAMKULAM

## 2021-2022



# ഇന്ദ്രനീലം

## നമ്മുടെ പ്രചോദനം




പ്രീയപ്പെട്ടവരെ,

നമ്മുടെ സകൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ഇ-മാഗസിൻ 'ഇന്ദ്രനീലം' തയ്യാറാക്കപ്പെട്ടത് നമുക്കേവർക്കും അഭിമാനം നല്കുന്ന ഒന്നാണ് . കുട്ടികൾ തന്നെയാണ് ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ ഈ സംരംഭത്തിന് എല്ലാ വിധത്തിലുമുള്ള ആശീർവാദങ്ങളും നൽകുന്നു...

പ്രഥമാധ്യാപിക
ഗവ.ഹൈ സ്കൂൾ
കാഞ്ഞിരംകുളം



OUR HEADMISTRESS
RADHA TEACHER






EDITORIAL BOARD MEMBERS

PTA PRESIDENT




SITC

SHEKHA TEACHER



# LEADING MEMBERS OF GOVT HS KANJIRAMKULAM











SATYAMEVAJAYATHE CLASS CONDUCTED BY OUR LITTLE KITES STUDENTS





ലിററിൽ കൈററ്സ് മാസ്റ്റേഴ്സ്

മൊബൈൽ ഫോണുകളുടെ ഉപയോഗവർ ദ്ധനവുകളുടെ ഈകാലത്തും കുട്ടികളെ വായനയുടെ ലോകത്ത് കൊണ്ട് വരുന്നതിനായി ലിററിൽ കൈററ്സ് അംഗങ്ങൾക്ക് ഇ-മാഗസിൻ നിർമ്മിക്കാൻ കഴിഞ്ഞു എന്നത് വലിയൊരു ഭാഗ്യം തന്നെയാണ്.ഇ-മാഗസിൻ നിർമ്മാണം വലിയ ആവേശത്തോടെയാണ് കുട്ടികൾ ഏറെറടുത്തത്.ഈ കൊറോണ കാലത്തും ഇന്ദ്രനീലം എന്ന പേരിൽ ഒരു ഇ-മാഗസിൻ നമ്മുടെ വിദ്യാലയത്തിനും നിർമ്മിക്കാൻ സാധിച്ചു .ഇ-മാഗസിൻ പ്രവർത്തനങ്ങളിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന എല്ലാ അംഗങ്ങൾക്കും പ്രത്യകം നന്ദി....

സ്നേഹത്തോടെ.......



ശശിലേഖ ടീച്ചർ


സുനിത ടീച്ചർ


# LITTLE KITES MEMBERS OF 2019-2022 BATCH





# LITTLE KITES GOOGLE MEET ONLINE CLASS CONDUCTED BY OUR LITTLE KITES STUDENTS



താളുകളിലൂടെ

1. നിഴൽ
2. അമ്മ തൻ സ്നേഹം
3. TREES
4. SHADES OF NATURE
5. NATURE
6. NATURE’S SONG
7. WAITING
8. തിരികെ വരാത്ത കാലം
9. ബാല്യം
10. അഴകലചിന്നി
11. SUN
12. MAHATMA GANDHI
13. IMPORTANCE OF GOOD FRIENDSHIP
14. മഴവില്ലിനെ പ്രണയിച്ച കാർമുകിൽ
15. സ്നേഹനിധികളായ സഹോദരികൾ
16. ബുദ്ധിമാനായ അഗസ്ററിൻ
17. MALALAYOUSAFZAI
18. INTERESTING FACTS ABOUT MATHEMATICS
19. ON THE TRIPOD
20. THE AMAZING WORLD
21. CLOUDS
22. NATURE
23. ഹരിതാഭ
24. റെയ്സ്
25. കരോൾ
26. FRIENDS
27. AADMI OR SHER
28. കിളിച്ചുണ്ടൻ മാമ്പഴം
29. അപേക്ഷ

## നിഴൽ



ആരുണ്ടിവിടെയെൻ ദു:ഖ
സാമ്രാജ്യത്തിൻ-
കൽപ്പടവുകൾ തകർക്കുവാൻ
ഈ ജഗത്തിൻ ഞാൻ ആരെയും
കണ്ടില്ല.
പ്രകൃതിയാം മാതാവിൻ മാറിൽ കിടന്നു-
കൊണ്ടാലോലമാട്ടുകയാണു കുഞ്ഞിക്കിളി
സംസാരമാം ദു:ഖ സാഗരത്തിൽ ഞാൻ
നീറും ഹൃദന്തത്താൽ നീന്തിത്തുടിക്കവേ
എന്നോടൊപ്പം നാളുവാനൊരു-
സഖി മാത്രമുണ്ടെൻ പ്രിയ സഖി
അവൾ മാത്രമാണെൻ പ്രിയ സഖി......
എൻ ജനനംമുതലോരോ ചലനത്തിലുമവൾ കൂടെ
എന്റെ ദു:ഖത്തിലും എന്റെ നിറമാർന്ന
സ്വപ്നങ്ങളുടെയും മൂക സാക്ഷിയായവൾ നിന്നു
പക്ഷേ! ഞാനവളെ തിരിച്ചറിയാൻ വൈകി
എന്റെ ദു:ഖാർദ്രമാം നാളിലും പ്രിയസഖി
എന്നെ വിടാതവൾ പിൻതുടർന്നു.
ദു:ഖ ഭാരത്താൽ നീറും മനസ്സുമായ്-
നിൽക്കുന്ന എന്നെ തഴുകി........

ശശിലേഖ എൽ കെ

അധ്യാപിക

# അമ്മ തൻ സ്നേഹം



ഞാനാദ്യമായ് കണ്ടൊരാ സ്നേഹമാം
ദീപമേ
ഞാനാദ്യമായ് ചൊല്ലിയ നാമമെൻ
അമ്മയേ
ഞാനാദ്യമായ് ഭോജിച്ചതമ്മതൻ
ക്ഷീരമേ
ഞാനാദ്യമായ് തൊട്ടറിഞ്ഞ
സ്നേഹവും അമ്മയേ

അമ്മയ്ക്ക് പകരമെൻ അമ്മമാത്രം
അമ്മതൻ സ്നേഹത്തിനതിരില്ലല്ലോ
അമ്മതൻ സ്നേഹംരുചിച്ചറിയാൻ
അമ്മയെ സ്നേഹിക്ക ജീവനോളം

എൻ അമ്മയാണെന്റെ ജീവശ്വാസം
എൻ അമ്മയാണെന്റെ വഴികാട്ടിയും
എൻ അമ്മയില്ലാതെ ഈ ഭൂമിയിൽ
എൻ ജീവിതം പൂർണ്ണമായ് തീരുകില്ല

അമ്മയെ പോലെ സ്നേഹിക്കുവാൻ
അമ്മയല്ലാതെ ആരുമില്ല
അമ്മയെ സ്നേഹിക്കുക ജീവനായി
അമ്മയെ പോലെ വേറൊരു ദൈവമില്ല

ഐശ്വര്യ കെ ബി(V III A)

# TREES

Trees stand tall, proud an touches the sky.
It is looking at me, like "God" looking at me.



Sreya S Baiju
10A

# SHADES OF NATURE



A bird sitting on the tree and singing sweetly
At the time of sunrise
The sun is painting the sky with beautiful colours
At the time of sunset
Water flows from the mountain.
It glitters on the moonlit night.

JINORAJ(10A)

# NATURE



Birds and flowers
are enjoyed inthe
breeze air
The trees are dancing in the wind
River and valleys are very pleasent
cucoos are singing the song of
Nature.
Man is working in the fields and
groves....

Benziger D M(10 A)

# NATURE'S SONG



The wind is whispering
The leaves of the trees
and the birds are singing
as well
As I walk through the
forest
Listening to nature's song

Nikhil Sivan(10A)

# WAITING



Sun is going down in
the sea
The day is getting dark
Stars are twinkling in
the sky
Animals looking fortheir shelters
Fireflies are flying in my garden
I,waiting for a new dawn

Abin V Roshi
10A

# തിരികെവരാത്ത കാലം



നമ്മുടെ സന്തോഷത്തിൻെറയും സ്നേഹത്തിൻെറയും ഉറവിടമാണ് കൗമാരം. കൗമാരത്തിൽ നാം പിച്ചവച്ചകാലത്തേക്ക് കടന്ന് പോകണമെന്ന് ആഗ്രഹിക്കും.എന്നാൽ കൗമാരം കഴിഞ്ഞാൽ സ്കൂൾ ജീവിതം തിരികെകിട്ടിയെങ്കിൽ എന്ന് നമുക്ക് തോന്നാറുണ്ട്.കൗമാരത്തിൽ നാം ചെയ്യുന്ന കുറുമ്പുകളുംമറ്റും മുതിരുമ്പോൾ സന്തോഷംനൽകുന്നു.കൗമാരം ആണ്. ജീവിതത്തിലെ ഏറ്റവുംവലിയ വിലമതിക്കാനാകാത്ത മുത്തുകൾ. നാം മുതിർന്നവരാകുമ്പോൾ ഈ ജീവിതം പുറകോട്ട് പോയിരുന്നുവെങ്കി-ലെന്ന് ചിന്തിക്കും.കൗമാരത്തിലുണ്ടാകുന്ന ഇണക്കങ്ങളും പിണക്കങ്ങളും ഒരുവനെ മനുഷ്യനാക്കുന്നു. ഇക്കാലത്ത് കിട്ടുന്ന സന്തോഷനിമിഷങ്ങളും സ്നേഹവും നമുക്ക് പിന്നീടൊരിക്കലും കിട്ടില്ല.ദൈവം മനുഷ്യനു നൽകിയ ജീവിതത്തിലെ ഏറ്റവും നല്ലനിമിഷമാണ് കൗമാരം.

കൗമാരത്തിൽ നാം നിരവധി പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു.കൂടാതെ നവമാധ്യമങ്ങളോടുള്ള ഇഷ്ടക്കൂടുതൽ കുട്ടികളെ കാർന്ന് തിന്നുന്നു.ലഹരി ഉപയോഗവുംമറ്റും കുട്ടികളുടെ ജീവിതത്തെ മാറ്റിമറിക്കുന്നു.

അവനീത് ജി ബി

# ബാല്യം



ബാല്യത്തോട് വിടചൊല്ലി നാമെത്തും
കൗമാരം
കുട്ടികൾ തീർത്തും മറ്റൊരു
പുതുലോകത്തെത്തുന്നു.
കൗമാരത്തിൻ കാലത്ത് പഠനമെന്നത്
പ്രധാനമായ്
കുട്ടികളെത്തും കൗമാരം, കളിവള്ളങ്ങൾ പോയ്മറഞ്ഞു

മൊബൈൽ ഫോണുകൾ വന്നെത്തി
അതു വാങ്ങാനായ് വാശിയിലായി
മൊബൈലൊന്നു കിട്ടിയപ്പോളോ?
അതിനു മുന്നിലിരിപ്പായി.
കൗമാരത്തിൽ കാൽകുത്തി ലഹരിപദാർഥം വന്നെത്തി
അതിനുപയോഗം തുടങ്ങിയപ്പോൾ താളംതെറ്റി മനസിൻെറ
കൗമാരത്തിൽ വഴിതെറ്റി, അതില്ലാതൊരു ജീവിതമില്ല
ഇതിൽ നിന്നൊക്കെ വിമുക്തനായനേരം
നാം ഓർത്തു" ബാല്യം എത്ര നല്ലത് ".

അലീന ഷാരോൺ എസ്
9B


# അഴകലചിന്നി



പുലരിതൻഅഴകലചിന്നി പൂക്കൾ ചിരിക്കുന്നു
ശലഭങ്ങൾ വണ്ടുകൾ അതിൽ പറന്നുപാടുന്നു
പനിനീർപ്പൂവിന്നിതളുകൾ പോലതിൻകവിളു
തുടുക്കുന്നു
പുലർകാലത്തിൻ കുളിരലപോലതു കൂട്ടിൽ
കുറുകുന്നു
സ്വപ്നവർണ്ണ പൂപ്പീലികളാൽ ചിറകുവിരിക്കുന്നു
സ്നേഹത്തിൻകതിർ തേടിയതെവിടെയും അലഞ്ഞുപരതുന്നു
മിന്നാമിന്നിൻവെട്ടംപോലതു മിനുങ്ങിനിൽക്കുന്നു...
നിലാവലനെയ്യുതു മാനത്തെങ്ങും ഒളിവിതറീടുന്നു
അഴകേനിന്നെ കൺകുളിർക്കെ കണ്ടീടുംമുമ്പേ
യൗവനത്തിൻ സ്വർണ്ണത്തേരിൽ യാത്രതിരിക്കുന്നു.

ഷാനിയാമോൾ  എസ് എസ്
10A

# SUN



Sun is a journalist
It rides around the world
Its light is essential to
our world
It is twinling in independent sky
He is the alarm for the flowers
Flowers are wakeup on early morning
It gives happiness to my heart
They gives me very nice days

Arshin R (10A)

# MAHATMA GANDHI



Mahatma Gandhi is known as the father of Indian nation. Four ages long he had been working in the political field to gain our freedom from the English people. He was a daring and adventurous person. In the whole fight with the British kingdom. Now, we respect him too much we owe our life to his reputation. Gandhi was born in Porbandar, Gujarat in a Brahmin family. During childhood he had very easily completed his education and then he went abroad to London for his law studies energy and effort for the cause of people who suffer and who take pain. In Africa India's were harassed by the British Government. Hearing this, very immediately Gandhi went there and began to practice, indefending the causes of India's. Whilehe was in Africa; the Indians started the struggle for freedom in India against British.It actually inspired Mahatma and came back to India to take part in the freedom agitation. Gandhi had his own ways and means of struggle towards England. He began with a known co-operation movement, civil disobediance movements and the kind of other policies against the England. The whole people of India was behind him. Understanding the consequences,the British authorities stepped down to enter a treaty with India by which become free in 1947.We salute Mahatma Gandhi for his sacrifies.

Arja Joy B(9A)

# IMPORTANCE OF GOOD FRIENDSHIP



In our life time we chose our own friends. The journey of life became memorable because of friends. Friendship is a lovely relation without which life seems dull. It is the relationship with our friends that teachers us to share, love, care and most importantly helps to fight odds and be successful. Having true friends act as boom. Friendship means atleast with and liking of each others mind. A friend is one who appreciates a persons skill. A good friend help or encourage to make right choice. Friends having bring more happiness into our lives virtually anything else. Friendship have a huge impart on your life. Good friends relive trees, provide comfort and joy, and prevent loneliness and isolution. Developing chose friendship can also have a powerful impact on your physical health. A true friendship is one that is not based on a likely or please are, but rather mutual respect, administration and gratitude of the other person. This type of friendship is one that must your time...

Jipina J(9B)

# മഴവില്ലിനെ പ്രണയിച്ച കാർമുകിൽ



ഞാൻ ആന കറുമ്പനായ കാർമുകിൽ.ഞാൻ എപ്പോഴും ചിന്തിക്കും മഴവില്ലിന് ഏഴ് നിറങ്ങളുണ്ട് ,ഞാനോ കറുത്തിരുണ്ട ആർക്കും വേണ്ടാത്ത ഒരു കരിമേഘം.പലപ്പോഴും ഞാൻ എന്റെ ദുഃഖം മഴയായിപുറം തള്ളും.

ഞാനുണ്ടേങ്കിലേമഴവിൽ ഉള്ളു ഞാനെന്റെ ദുഃഖം കണ്ണീരായിഭൂമിയിൽ പതിപ്പിക്കുമ്പോൾ ചിലർക്ക് സന്തോഷവും ചിലർക്ക് സങ്കടവും നൽകുന്നു.സൂര്യനാണെന്നെ കരയിപ്പിക്കുന്നത് .
അതിന്റെ ചൂടുകൊണ്ട് ഭൂമിയിലെ എല്ലാജലവുംഎനിക്ക് നൽകുന്നു. അതെനിക്ക് താങ്ങാനാവാതെ മഴയായി ഘനീഭവിക്കുന്നു.ഞാനെന്റെ ഭാരം മഴയായി ഭൂമിയിൽ പറഞ്ഞു വിട്ടതിനു ശേഷം ആകാശത്തിൽ വെട്ടിതിളങ്ങുന്ന ഒരു പ്രകാശമാർന്ന നിറമാകുന്നു. എന്നെ കാത്ത് തൊട്ടടുത്ത് എഴു നിറങ്ങളുടെ വസന്തം തൂകി എന്റെ പ്രണയിനിയും.

പക്ഷെ അവൾ എന്റെ അരികിൽ അധികനേരം നിൽക്കാതെ നിറം മങ്ങി എന്നിൽ നിന്നു അകലുന്നു.ഞാൻ അവളുമായി അകലാതെ അടുക്കാൻ ശ്രമിക്കുമ്പോൾ അവൾ എന്നിൽ നിന്നു അകന്നു മാറുന്നു.അത് എന്നിൽ നിരാശ ഉളവാക്കുന്നു.അത് എന്നെ വീണ്ടും കറുത്തു ഇരുണ്ട മേഘമാകാൻ പ്രേരിപ്പിക്കുന്നു.

പിന്നെയും പിന്നെയും ഞാൻ ഒരു മൂടനായ ഒരു കഥാപാത്രമായി തീരുന്നു.ഇന്നും അന്നും എന്നും ഞാൻ മഴവില്ലിനെ പ്രണയിക്കുന്നു.അകന്നു പോകാതെ അടുക്കാൻ സാധിക്കും എന്ന പ്രതീക്ഷയോടെ......

അഖില ( 9 A )

# സ്നേഹനിധികളായ സഹോദരികൾ



വളരെ വർഷങ്ങൾക്കു മുമ്പ് ഒരിടത്ത് രണ്ട് സഹോദരികൾ ഉണ്ടായിരുന്നു. അവരുടെ പേര് അന്നയെന്നും മേരിയെന്നും ആയിരുന്നു. അവരുടെ ചെറുപ്പത്തിലേതന്നെ രണ്ടു പേർക്കും മാതാപിതാക്കളെ നഷ്ടപ്പെട്ടിരുന്നു. അവർ രണ്ടു പേരും വളരെയധികം കഷ്ടപ്പെട്ടാണ് പണം സമ്പാധിച്ചിരുന്നത്. അവർ തമ്മിൽ നല്ല ഐക്യം ഉണ്ടായിരുന്നു അതു കൊണ്ടു തന്നെ എന്ത് ആപത്തു വന്നാലും അവർ ഒത്തൊരുമയോടെ നിൽക്കും. ഒരിക്കൽ ഒരു വാർത്ത അവരെ തേടി പറന്നെത്തി. അവരുടെ വീടിനടുത്തുള്ള ഒരു ഓഫീസിൽ ജോലിക്ക് ആളെ ആവശ്യമുണ്ട് എന്നതായിരുന്നു വാർത്ത. പതിനെട്ടു വയസ് കഴിഞ്ഞവർക്കു മാത്രമേ ജോലി ലഭിക്കു എന്ന നിർദ്ദേശവും കൂടെ ഉണ്ടായിരുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടർ പ്രവർ ത്തനങ്ങളിൽ വിദഗ്ദരും ആയിരിക്കണം. അവിടെയാണ് ഒരു പ്രശ്നം, ഈ രണ്ടു സഹോദരിമാരിൽ അന്നയ്ക്കു മാത്രമേ പതിനെട്ടു വയസ് കഴിഞ്ഞുള്ളൂ, പക്ഷേ അവൾക്ക് കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ അറിയില്ല. പക്ഷേ, മേരി നല്ലൊരു കമ്പ്യൂട്ടർ വിദഗ്ധയായിരുന്നു. പക്ഷേ അവൾക്ക് പതിനെട്ടുവയസ് തികഞ്ഞിട്ടില്ല. തൊട്ടടുത്ത ദിവസമാണ്

ഓഫീസിൽ ഇന്റർവ്യൂ. അപ്പോൾ അന്ന പറഞ്ഞു ഇത്രയും കുറഞ്ഞ സമയത്തിൽ എനിക്കൊന്നും പഠിക്കാൻ സാധിക്കില്ല. പക്ഷേ മേരി അവളെ ധൈര്യപ്പെടുത്തി, ചേച്ചി എന്തിനാ പേടിക്കുന്നെ ഞാനുണ്ടല്ലോ എനിക്ക് കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ നല്ലത് പോലെ അറിയാമല്ലോ. ഇന്നു രാത്രി മുഴുവൻ ഞാൻചേച്ചിക്ക് വേണ്ടി കമ്പ്യൂട്ടർ പ്രവർത്തനങ്ങളെ പറ്റി പഠിച്ചു. അങ്ങനെ അടുത്ത ദിവസം രാവിലെ തന്നെ അവൾ കമ്പ്യൂട്ടറിൻെറ എല്ലാ പ്രവർത്തനങ്ങളും നല്ലതുപോലെ ചെയ്തു. അങ്ങനെ അവൾക്കവിടെ നല്ലൊരു ജോലിയും കിട്ടി. പതുക്കെ പതുക്കെ ആ രണ്ട് സഹോദരിമാരുടെയും ദാരിദ്ര്യം കുറഞ്ഞു കുറഞ്ഞു വന്നു. അവർ രണ്ടുപേരും സന്തോഷപൂർവം അവരവരുടെ ജീവിതം മുമ്പോട്ട

അനന്യ എസ് റോസ്

**8 A**

# ബുദ്ധിമാനായ അഗസ്റ്റിൻ



ഫ്രാൻസിലെ ഒരു വസ്ത്ര വ്യാപാരിയായിരുന്ന ഫ്രാൻസിസ്. അദ്ദേഹത്തിന് സ്വന്തമായി ഒരുപാട് വസ്ത്രകേന്ദ്രങ്ങളുണ്ടായിരുന്നു. അദ്ദേഹം ഒരു സമ്പന്നനമായിരുന്നു. തനിക്കുണ്ടായിരുന്നവയിൽ ഒരു വിഹിതം തന്റെ മക്കൾക്കു കൊടുക്കണമെന്ന് ആഗ്രഹിച്ചു. അദ്ദേഹത്തോട് വളരെ സ്നേഹത്തേടെയാണ് പെരുമാറിയിരുന്നത്. മാത്രമല്ല അദ്ദേഹത്തിന്റെ വിവിധ കേന്ദ്രങ്ങളുമായുള്ള വിവരങ്ങൾ സൂക്ഷിച്ചിരുന്നത് അഗസ്റ്റിൻ എന്നൊരു ജോലിക്കാരനായിരുന്നു. ഫ്രാൻസിസിന് ഏറ്റവും വിശ്വസ്തനായ ജോലിക്കാരനായിരുന്നു അദ്ദേഹം.

ഒരു ദിവസം ഫ്രാൻസിസിന്റെ വസ്ത്രകേന്ദ്രങ്ങളിലുണ്ടായിരുന്ന ഒരുപാട് വിലപിടിപ്പുള്ള സാധനങ്ങൾ കാണാതെയായി. അദ്ദേഹം ഉടനെ തന്നെ തന്റെ ഏറ്റവും വലിയ വിശ്വസ്തനായ അഗസ്റ്റിനെ വിളിച്ചു. അഗസ്റ്റിന് ഇതിനെക്കുറിച്ച് ഒരു വിവരവും ഉണ്ടായിരുന്നില്ല. ഫ്രാൻസിസിന് അഗസ്റ്റിനിൽ ദേഷ്യവും സംശയവും തോന്നി. അദ്ദേഹം അഗസ്റ്റിനെ അവിടെ നിന്നും പുറത്താക്കാൻ തീരുമാനിച്ചു. അപ്പോൾ അഗസ്റ്റിൻ താനൊരു കുറ്റക്കാരനല്ലെന്നും ഒരാഴ്ച വരെ സമയം തന്നാൽ കുറ്റവാളിയെ കൺമുൻപൽ എത്തിക്കാമെന്നും വാക്കുകൊടുത്തു. ഒരാഴ്ചയ്ക്കകം കുറ്റവാളിയെ കിട്ടിയില്ലങ്കിൽ അഗസ്റ്റിനെ നാടുകടത്തുമെന്നും. ഫ്രാൻസിസ് ഉത്തരവിട്ടു അഗസ്റ്റിൻ അന്നവിടെ കാണാതായ വസ്തുക്കളുടെ വിശദ വിവരങ്ങൾ ശേഖരിച്ചു. അവിടെ നിന്ന് കുറച്ചു പണവും അന്ന് ആ നാട്ടിൽ ഉണ്ടായിരുന്നവയിൽ വിറ്റാൽ വളരെയധികം വിലകിട്ടുന്ന കുറച്ചു സാധനങ്ങളും മാത്രമാണ് കളവുപോയിരുന്നത്. ആസ്ഥലത്ത് ആ വീട്ടിൽ ഉള്ളവരല്ലാതെ മറ്റാർക്കും പോകാൻ സാധിക്കാതിരുന്നതുകൊണ്ട് ആ വീട്ടിൽ തന്നെ കള്ളനുണ്ടെന്ന് അദ്ദേഹം ഉറപ്പിച്ചു.ആ വീട്ടിലാണെങ്കിൽ ഫ്രാൻസിസും ,ജസ്റ്റിനും രണ്ടു മക്കളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജസ്റ്റിൻ അടുത്ത ദിവസം ആ നാട്ടിലെ കുറച്ചു പാവപ്പെട്ടവരേയും ജോസഫിനെയും അന്നയെയും വിളിച്ചുവരുത്തി.എന്നിട്ട് നാലു പെട്ടികൾ അവരുടെ മുന്നിൽ നിരത്തിവച്ചു.അതിൽ വിലപിടിപ്പു-

ള്ളൊരുപാട് വസ്തുക്കളുമുണ്ടായിരുന്നു.എന്നിട്ട് അഗസ്റ്റിൻ മോഷ്ടിച്ച
ആളുടെ പെട്ടിയിലെ സ്വർണ്ണം കൂടുമെന്നും പറഞ്ഞു.ഇതുകേട്ട് കള്ള
നായ ജോസഫ് തന്റെ പെട്ടിയിലെ സ്വർണ്ണം കുറയുമെന്ന് പേടിച്ച്
അച്ഛന്റെ വസ്തുക്കളിൽ നിന്ന് മോഷ്ടിച്ചവയിൽ ഒരുവിഹിതം പെട്ടി
യിൽ വയ്ക്കാമെന്നും തീരുമാനിച്ചു.അടുത്ത ദിവസം അഗസ്റ്റിൻ നാലു
പെട്ടികൾ തുറന്നുനോക്കിയപ്പോൾ അതിൽ ജോസഫിന്റെ പെട്ടി-
യിൽ മാത്രം സ്വർണ്ണം കൂടിയിരിക്കുന്നതായി കണ്ടു.അങ്ങനെ ജോസഫാണ് യഥാർത്ഥ
കള്ളനെന്ന് അഗസ്റ്റിൻ തെളിയിച്ചു.

ഫ്രാൻസിസ് അഗസ്റ്റിനെ അഭിനന്ദിക്കുകയും നല്ല പദവികൊടുക്കു-കയും ജോസഫിനെ
ശിക്ഷിക്കുകയും ചെയ്തു.

ആൻമരിയ സി എസ് ( 8 എ )

# MALALAYOUSAFZAI



There are some people in our society who raised the voices for bringing positive changes in the society. Malalayousafzai is one among them. She is the girl who stood up for education and suffered for that. Malalayousafzai was born in the swat district of north western Pakistan, where her father was a school owner and was active in educational issues. After having blogged for the BBC. Since 2009 about her experience in the region in 2012. The Taliban attempts to assassinate Malalayousafzai on the bus, home from the school. She survived, but underwent several operations in the UK, where she lives today in addition to her schooling, she continuous her work for the right of the girls to education. Her famous words:”one child, one teacher, one pen and one book can change the world “inspired me a lot of books and pens are the most powerful weapons through which we can change the world..

Rijo R S(9B)

# INTERESTING FACTS ABOUT MATHEMATICS



Every odd number has E in it

Four is the only number that has same number of letters as the number itself

From zero to thousand the only number which has letter A in it is Thousand

Forty is the only number which has letter arranged in Alphabetical order

The reason Americans call Mathematics “math” is bacause they argue that Mathematics functions as a singular noun so...

Nikhitha Jayan(9B)

# ON THE TRIPOD



Yesterday,
The sound of the waterfall
awoke everyone
The happiness of the plants
and parrots echoed
The sunset again coloured the
sky
A photographer converted all in frames
Today,
The sun rises with a big tornado
The drought leaves bones of many animals
The roar of sea brings crying souls to the shore
People climb up the trees and waiting helicopters
Many friend animals in ash–filled forest
The camera is still there with the old earth
On the tripod......

Deepak B S(10B)

# THE AMAZING WORLD



The nature was a gift of God
The trees gives shadow to all
And the flowers are like a smile
Forests, a green nature. We can see, hear many things
The rivers are look like a mirror it was glowing in then sunshine
Mountain was a motivator. He say come friend
and go to the top we can see a magic
The fruits are give a sweetness of our life
The garden make a knowledge and entertainment to all
and make happiness
The soil helps the man for her livelong
The nature is your best friend
All things are the gift of nature
and all the things make an amazing world
It’s our happy world.


Angel M Sunil (10A)

# CLOUDS



Clouds are in the sky, on the sky
And higher in the sky
It is of different types
It is to be in the stage of extinction through
The things what man had made of mad
Clouds are the playground of the birds
They enjoy on flying through the clouds
Clouds gives us rain and it protects us from the hot
Sun light, by covering the sun
From where we looks upwards
We can see them
It gives us cooling breeze in any angle of the world...

*BIBIN B B(10A)*


HIROSHIMA NAGASAKI
AUGUST-6
NEVER AGAIN
STOP WAR
"SAY NO TO WAR,
YES TO PEACE"
BY:
SHARON S.L
8:B

# ഹരിതാഭ



ഈ ധരണിതൻ അമൂല്യ വർണ്ണം,
ഹരിതം!
അതെത്ര മനോഹരം ! അതി സുന്ദരം
!
പ്രകൃതിതൻ അനുഗ്രഹം !
നയനമോഹരം !
ഹരിതം ! അതെത്ര മനോന്മയം !
വൃക്ഷലതാദികൾക്ക് സ്വന്തമാം വർണ്ണം,
സസ്യങ്ങൾക്കതനുഗ്രഹ വർണ്ണം,
കാടിനും കാട്ടാറിനും മോടികൂട്ടാനായി,
പ്രകൃതി കനിഞ്ഞു നൽകിയ വർണ്ണം.
പച്ചിലച്ചാർത്തിനിടയിലൂടെ സൂര്യൻ,
പുൽനാമ്പുകളിലുമ്മ വച്ചുറങ്ങുന്ന,
നനുത്ത തുഷാരങ്ങളെ പ്രിയത്തോടെ,
തട്ടിവിളിച്ചുണർത്തുന്ന കാഴ്ച കണ്ടോ?
ഞാറു നടുമ്പോൾ വിരുന്നിനായെത്തുന്ന,
തത്തമ്മ പ്പെണ്ണിനും ഹരിത വർണ്ണം.
പാട്ടൊന്നു പാടുമ്പോൾ പൈങ്കിളിയിരിക്കുന്ന,
ഓലത്തുമ്പിനുമതേ വർണ്ണം,
പ്രകൃതിതൻ പുതപ്പിൻെറ ഹരിത വർണ്ണം,
ഹൃദയത്തെ പുളകിതമാക്കുന്നു.

ആര്യ ആർ എസ് (VIII A

# റെയ്സ്




രാത്രിയുടെ കൂരിരുട്ടിലേയ്ക്ക് രാഹുൽ കണ്ണും നട്ടിരുന്നു. താൻ എങ്ങനെയാണ് ഇനി പുതിയ ബൈക്ക്ഇല്ലാതെ കൂട്ടുകാരുടെ മുഖത്തേക്കു നോക്കുക. ഉച്ചയ്ക്ക് കോളേജിൽ നിന്ന് വീട്ടിലേയ്ക്ക് വന്നപ്പോൾ മുതൽ അച്ഛനോടു പറഞ്ഞ് പുതിയ ബൈക്ക് വാങ്ങി അതിൽ കോളേജിൽ പോകുന്ന കാര്യമായിരുന്നു അവന്റെ മനസ്സിൽ. പക്ഷെ വൈകുന്നേരം അച്ഛൻ വന്നപ്പോൾ കിട്ടിയ മറുപടിഅനുകൂലമായിരുന്നില്ല. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനായ അദ്ദേഹത്തിന് ഇക്കാലത്തെ ബൈക്ക് അപകടങ്ങളെപ്പറ്റി നല്ല ബോധ്യം ഉണ്ടായിരുന്നു.തനിക്ക്ആറ്റുനോറ്റുണ്ടായ തൻെറ ഏക ജാതനും ആ അനാസ്ഥ ഉണ്ടായാൽ? വേണ്ട, ബൈക്ക് വേണ്ട. എന്നാലിനി ബൈക്ക് കിട്ടാതെകോളേ -ജിലേക്കില്ല എന്ന് രാഹുൽ തീർത്ത് പറഞ്ഞു. പിറ്റേദിവസം അവൻ അച്ഛനോട് മിണ്ടിയില്ല. അതുരണ്ട് ദിവസം തുടർ-ന്നു.അന്ന് രാത്രി കിടക്കാൻ നേരത്ത് തന്റെ ഭര്യതന്നെ കുറ്റ പ്പെടുത്താൻതുടങ്ങിയത് അയാൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.പണം ചിലവാക്കാൻ മടിയാണെങ്കിൽ ഞാനെന്റെ താലി തരാം. അത് വിറ്റിട്ടാണെങ്കിലും അവന് എന്താണെന്നുവച്ചാൽ വാങ്ങികൊടുത്തേയ്ക്ക്.അവൻ നമ്മുടെ ഒരേയൊരു മകനല്ലേ. അവനിങ്ങനെ ഭക്ഷണം പോലും കഴി ക്കാതെ വിഷമിച്ചിരിക്കുന്നത് സഹിക്കുന്നില്ല.നീ അതെന്താ പറയുന്നത് പണം ചിലവാകുമെന്നു ഭയന്നിട്ടെന്നോ.

ഞാനവന് ആവശ്യമായതെല്ലാം വാങ്ങി നൽകിയതല്ലേ. നമ്മുടെ മകന്റെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പറയുന്നത്.എനിക്കൊന്നുമറിയേണ്ട അവന്റെ സന്തോഷ മാണ്എനിക്ക് വലുത്,അവൾ തിരിഞ്ഞുകിടന്നു.

രാവിലെ ഉണർന്നപ്പോൾ മുതൽ വല്ലാത്ത-
ഒരു നിശബ്ദത.കളിചിരികൾ നിറഞ്ഞുനിന്നവീട് പെട്ടെന്ന്
നിശബ്ദമായത് അദ്ദേഹത്തെ വല്ലാതെ അലട്ടി.അയാളും
ചിന്തിച്ച ആയിരങ്ങളിലൊന്നാണ് അപകടത്തിൽപ്പെടുക.
അത് തന്റെ മകനാവില്ല.അവൻ സന്തോഷവാനാകണം.
അവന് നല്ലൊരു ബൈക്ക് വാങ്ങി നൽകണം.ഓഫീസിലേ
ക്കുവിളിച്ച് ഹാഫ്ഡേ ലീവ് പറഞ്ഞു.മകന്റെ സന്തോഷത്തി
നതിരില്ലായിരുന്നു.ബൈക്ക് കിട്ടികഴിഞ്ഞപ്പോൾ അവനെ
പതിവിലധികം സന്തോഷവാനായി കാണപ്പെട്ടു.അമ്മയും
സന്തോഷവതിയായി കാണപ്പെട്ടു.ഒന്നരമാസത്തിനുശേഷം
അവൻ കോളേജിൽ നിന്ന് ടൂർ പോകയാണെന്നു പറഞ്ഞു.
അമ്മയുടെ ശുപാർശ അവിടെയും പ്രവർത്തിച്ചു.എന്റെ മന
സ്സിൽ എന്തോ ഒരാധി.പിറ്റേന്ന് വൈകുന്നേരത്തെ വാർ-ത്തയിൽ തന്റെ
മകന്റെ ചിത്രം കണ്ട് സിന്ധു നിലവിളിക്കു
ന്നതുകേട്ടാണ് ഞാൻ പുറത്തുനിന്ന് ഓടി വന്നത്.ടിവി യി
ലെവരികൾ ഞാൻ വീണ്ടും വായിച്ചു.'അഡ്വഞ്ചർ ടൂറിസത്തി
ലെ ബൈക്ക് റെയ്സിനിടെ യുവാവിനു ദാരുണാന്ത്യം'.കണ്ണി-
ലിരുട്ടുപടരുന്നതായിഅയാൾക്ക് തോന്നി.

ആഷിൻ എ എസ് ( 9B)

28

# കരോൾ




അന്ന് ബുധനാഴ്ച്ച ആയിരുന്നു എന്റെ ആഗ്രഹം സാധിച്ചത്. ഡിസംബർ ഒന്നാം തിയതി മുതൽ തന്നെ എന്നത്തെയും പോലെ എന്റെ കലാപരി-പാടികൾ ഞാൻ ആരംഭിച്ചു .എല്ലാ വർഷവും ഡിസംബർ ആവുമ്പോൾ തന്നെ ഞാൻ അച്ഛനോട് പറയും ഇന്നെങ്കിലും എന്നെ കരോളിന് കൊണ്ട് പോണം എന്ന് .കുഞ്ഞ് കുട്ടികൾക്ക് അത്രയും ദൂരംനടക്കാൻ കഴിയില്ലത്രെ. കൊണ്ട് പോവില്ല എന്ന് അറിയാമെങ്കിലും ഞാൻ നിർബന്ധം പിടിക്കും എന്തൊക്കെ പറഞ്ഞാലും നിന്നെ കൊണ്ട് പോവില്ലെന്ന് അച്ഛൻ പറയും. അവസാനം എല്ലാ ദിവസത്തെയും പോലെ അച്ഛനും ചേട്ടനും പോക്കറ്റിൽ ഇട്ടുകൊണ്ട് വരുന്ന ഒരു കഷ്ണം കേക്ക് തിന്ന് ഞാൻ സമാധാനപ്പെടും.അങ്ങനെ അച്ഛൻ ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ ഇന്ന് നിന്നെ കരോളിന് കൊണ്ട്പോകാമെന്നു പറഞ്ഞു. എന്താന്നറിയില്ല മനസ്സിൽ വല്ലാത്ത സന്തോഷം. അങ്ങനെ കൃത്യം ഏഴ് മണിക്ക് തന്നെ ഞാൻ ഒരുങ്ങി ഇറങ്ങി. അന്ന് നിറയെ കഴിക്കാനുള്ള ദിവസം ആയിരുന്നു. എന്താന്നറിയില്ല ഇത്രയും കാലത്തെ ആഗ്രഹം സാധിച്ചത് കൊണ്ടാണെന്ന് തോന്നുന്നു.വല്ലാത്തആർത്തി. ആദ്യത്തെ വീട്ടിൽ തന്നെ ദോശയും ഇറച്ചിയും.ഞാൻ അവിടെ നിന്ന് ആവശ്യത്തിൽ അധികം ആയി കഴിച്ചു.അടുത്ത വീട്ടിൽ പോയപ്പോൾ ഒരു പാത്രം നിറയെ മിഠായിയുമായി ഒരു ആന്റി കടന്നു വന്നു പെട്ടന്ന് തന്നെ അഞ്ചാറു മിഠായി ഞാൻ  എന്റെ പോക്കറ്റിൽ വാരിയിട്ടു.അങ്ങനെ അവിടെന്ന് കുറച്ച് നടന്നു ചെന്ന് എത്തിയത് ഒരു പോലീസിന്റെ വീട്ടിൽ.വീട്ടുമുറ്റത്ത് ഇട്ടിരുന്ന അയാളുടെ ഷൂസ് തട്ടി ഇട്ടിട്ട് ഞാൻ അവിടെ കയറി നിന്നു.അവിടെ നിന്നു പ്രാർത്ഥിച്ച് ചാടി ഇറങ്ങിയപ്പോൾ അയാൾ പറഞ്ഞു 'അച്ഛാ ഒന്നു നിൽക്കണെ' ഭക്ഷണം കഴിച്ചിട്ട് പോണം.വയറിൽ ഇനി ഒരു ചായക്ക് പോലും സ്ഥലമില്ല. എന്നാലും ഞാൻ കഴിച്ചില്ലെങ്കിൽ ആ വീട്ടുകാർ എന്ത് വിച്ചാരിക്കും അവിടെ നിന്നു കുറച്ച് അപ്പവും വാങ്കോഴിഇറച്ചിയും കഴിച്ചിട്ട് ഞാൻ ഇറങ്ങി അടുത്ത രണ്ടു മൂന്ന് വീട്ടിൽ ഭക്ഷണം ഇല്ലായിരുന്നു.അങ്ങനെ കുറച്ച്

ദൂരം നടന്ന് അടുത്ത വീട്ടിൽ എത്തി അപ്പോൾ വയറിൽ നിന്ന് കുറച്ച് ഭാരം കുറഞ്ഞത് പോലെ.അവിടെ ഇടിയപ്പവും ഇറച്ചിയും ആയിരുന്നു.അങ്ങനെ അവിടെ നിന്നും വയറ് നിറച്ച് കഴിച്ചു.അങ്ങനെ അവിടെ നിന്ന് അടുത്ത വീട്ടിലേക്ക് പോയി.അവിടെ പെറോട്ട ആയിരുന്നു ഇനി ഒരു തുള്ളി വെള്ളത്തിന് പോലും എന്റെ വയറ്റിൽ സ്ഥലമില്ല.അങ്ങനെ സങ്കടത്തോടെ അവിടുന്ന് ഇറങ്ങി.രാത്രി പത്തുമണി അടുപ്പിച്ച് ആയി അന്ന് കരോൾ തീരാൻ.വീട്ടിലെത്തിയതും  എനിക്ക് വല്ലാത്ത വയറ് വേദന.അങ്ങനെ എനിക്ക് ഉറക്കം വരുന്നില്ല.കുറച്ച് കഴിഞ്ഞ് രാത്രി പന്ത്രണ്ട് മണിക്ക് തിന്നതുമുഴവൻശർദ്ദിക്കാൻ തുടങ്ങി.വീട്ടുകാരെന്നെ ആശുപത്രിയിൽ എത്തിച്ചു.കുത്തിവയ്പ്,ട്രിപ്പ് ആലോചിക്കാനേവയ്യ....

ആഷ്ലിൻ ബി എസ്

9 B

# Friends



How good to lie a little while
And look up through the tree!
The sky is like a king big smile
Bent sweetly over me.
The sunshine flickers through the lace
of leaves above my head,
And kisses me upon the face.
Like mother, before bed.
The wind comes stealing o'er the grass
To whisper pretty things;
And through I cannot see him pass,
I feel his careful wings.
So many gentle friends are near
Whom one can scarcely see,
A child should never feel a fear,
Wherever.

Sreya S Baiju
10A

31

SNEHA S B(10 B)



# आदमी और शेर

एक आदमी और एक शेर में गहरी दोस्ती थी। वे प्रायः हर रोज मिलते और साथ ही घूमते-फिरते। एक दिन वे दोनों गपशप करते हुए एक नगर में जा पहुँचे। वहाँ उन्होंने एक मूर्ति देखी, जिसमें आदमी ने शेर को दबोचा हुआ था। उसे देखकर दोनों इस बात पर चर्चा करने लगे कि आदमी और शेर में कौन ज्यादा ताकतवर है? शेर कह रहा था कि वह ज्यादा ताकतवर है और आदमी अपने को ज्यादा ताकतवर बता रहा था। आदमी ने मूर्ति की ओर इशारा करके कहा, "देखो! उस मूर्ति से भी यही सिद्ध होता है कि आदमी ज्यादा ताकतवर है।" यह सुनकर शेर मुस्कराकर बोला, "यदि शेर मूर्ति बनाना जानते तो आदमी शेर के पंजों के नीचे होता।"

Adithya.m.s
8 B


SAY NO!
TO PLASTICS
By
Kripa.S.S
9B

# കിളിച്ചുണ്ടൻ മാമ്പഴം



ഹായ്! എന്ത് ഭംഗി.
മാവിൽ നിറയെ മാമ്പഴം.
ഒരു
മാമ്പഴം കിട്ടിയിരുന്നെങ്കിൽ,
വായിൽ വെള്ളമൂറുന്നു. ധിം,
അപ്പോൾ അതാ ഒരു
മാമ്പഴം. ഓടിച്ചെന്ന്
എടുത്തു. ഒരു കടി. അയ്യോ നിറയെ പുഴുക്കൾ മാത്രം.
ഇതുപോലെയാണ് ഇന്ന് ലോകവും നാമും
മാറിക്കൊണ്ടിരിക്കുന്നത്. നാം ഇതുനുവേണ്ടി
ഒരുമയോടേ പുഴുക്കളില്ലാത്ത നല്ല മധുരിക്കുന്ന
കിളിച്ചുണ്ടൻ മാമ്പഴം പോലെ വളർന്നു ശോഭിക്കണേ
എന്നു പ്രാർത്ഥിക്കാം.

ബിൻസി ബിഎം

X സി

# അപേക്ഷ



അമ്മയാം പ്രകൃതിയെ
വേദനിപ്പിക്കരുതേ മർത്യരേ....
കുഞ്ഞായിരുന്ന നാൾ നിൻ
കുസൃതിത്തരം
സർവ്വം സഹയാമവളെ
വേദനിപ്പിച്ചെങ്കിലും
അമ്മയ്ക്കതൊക്കെ സഹിക്കാനായി.
പക്ഷേ നീ യൗവ്വനാവസ്ഥയെ
പ്രാപിച്ചപ്പോഴോ...
നിൻ ചെയ്തികളും നിന്നിലുടലെടുത്ത
സ്വാർത്ഥ മോഹങ്ങളും അമ്മയെ വല്ലാതെ നോവിച്ചു.
തന്റെ വേദന മക്കളെപ്പോഴെങ്കിലും മനസ്സിലാക്കി
തിരുത്തുമെന്നവൾ വെറുതെ പ്രത്യാശിച്ചു.
പക്ഷേ , തിരുത്തുവാനാകാതെ മക്കൾ തേരോട്ടം തുടർന്നു.
മക്കൾ തന്നെ തിരിച്ചറിഞ്ഞ് തന്റെ വേദനയ്ക്കറുതി
വരുത്തുമെന്ന അമ്മയുടെ പ്രതീക്ഷകൾക്ക് വരാമമിട്ടപ്പോൾ....
സർവ്വം സഹയാമവൾ പ്രതികരിച്ചു.
സ്ഫോടനമായും ഉരുൾപ്പൊട്ടലായും സുനാമിയായും മഹാമാരിയായും....
ചെറുത്തു നിൽക്കാനാകാതെ പകച്ച മക്കൾതിരിഞ്ഞു നോക്കി.
ശാന്ത സ്വരൂപിയാം അമ്മ രൗദ്രരൂപിണിയായിരിക്കുന്നു.
അതിനുള്ളകാരണം താൻ തന്നെയാണെ-
ന്നവൻ മനസ്സിലാക്കിയപ്പോഴോ....
നഷ്ടങ്ങൾ ,നഷ്ടങ്ങൾ ...നഷ്ടകണക്കുകൾ ബാക്കി പത്രം.
"അല്ലയോ മർത്യാ ഇനിയെങ്കിലും നിർത്തിക്കൂടെ
സർവ്വം സഹയാം മാതാവിൻ ഹൃദയ ഭേദകമാം നിൻ ചെയ്തികൾ" .

ശശിലേഖ എൽ കെ

അധ്യാപിക

# അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1.ജീവിതത്തിൽ ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നിട് തിരിച്ചുകിട്ടാത്ത മൂന്ന് കാര്യങ്ങൾ?



സമയം, പറഞ്ഞുപോയ വാക്കുകൾ, നല്ല അവസരങ്ങൾ

2. മനുഷ്യനെ നശിപ്പിക്കുന്ന മൂന്ന് കാര്യങ്ങൾ?

ലഹരി വസ്തുക്കൾ, അഹങ്കാരം, മുൻകോപം

3. ജീവിതത്തിൽ ഏറ്റവും വിലപ്പെട്ട മൂന്ന് കാര്യങ്ങൾ?

സ്നേഹം, ആത്മവിശ്വാസം, സൗഹൃദം

4. ജീവിതത്തിൽ നിലനിൽക്കുമെന്നുറപ്പില്ലാത്ത മൂന്ന് കാര്യങ്ങൾ?

സ്വപ്നങ്ങൾ, പണം, ഭാഗ്യം

5. ജീവിതത്തിൽ വിജയിക്കാൻ വേണ്ട മൂന്ന് കാര്യങ്ങൾ?

കഠിനാധ്വാനം, ആത്മാർത്ഥത, അർപ്പണബോധം

സ്ലോവിഷ് എസ് സുനിൽ

X എ

നന്ദി...